(സി) ഇത് നടപ്പാക്കുന്നതിലേക്കായി മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്)-ന്റെ മേൽനോട്ടത്തിൽ ഒരു Stake Holder Project Cell പ്രവർത്തിച്ചുവരുന്നു. കൂടാതെ സമയാസമയങ്ങളിൽ മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) തലത്തിലും സർക്കാർ തലത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നു. കൂടാതെ ടി സ്കീമിന്റെ നടത്തിപ്പിനായി സർക്കാർ സ.ഉ.(സാധാ) നമ്പർ 2766/2009/തസ്വഭവ തീയതി 24-10-2009 ഉത്തരവുപ്രകാരം വിശദമായ മാർഗ്ഗ രേഖകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മാസ്റ്റർ പ്ലാനുകളുടെ സുഗമമായ രൂപീകരണത്തിനായി State Project Cell-ന്റെ ആഭിമുഖ്യത്തിൽ കാലാകാലങ്ങളിൽ വിവിധ Hand outs, Toolkits, Guidelines എന്നിവ പുറപ്പെടുവിക്കുന്നു.

ക്ഷീരമേഖലയിലെ സ്വയംപര്യാപ്തത

11 (*131) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയെ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ ക്ഷീരമേഖലയെ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്നതിന് വകുപ്പ് വിവിധ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തമാക്കുക, കൂടുതൽ കർഷകരെയും സംരംഭകരെയും സ്വയം സഹായസംഘങ്ങളെയും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ക്ഷീര മേഖലയിലേക്ക് ആകർഷിക്കുക, ഈ രംഗത്തുള്ള കർഷകർക്ക് ലാഭകരമായ ക്ഷീരോൽപ്പാദനത്തിന് പ്രോത്സാഹനം നൽകുക, ഉൽപ്പാദനക്ഷമത കൂടിയ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കറവപ്പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാരമുള്ള പാൽ സഹകരണ മേഖലയിലൂടെ വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘങ്ങളുടെ ശാക്തീകരണം, ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, സംസ്ഥാനത്തിനകത്തു നിന്നു തന്നെ ഉൽപ്പാദനക്ഷമത കൂടിയ കറവപ്പശുക്കളെ വളർത്തിയെടുക്കുന്നതിന് കിടാരി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക എന്നിവയിലൂടെ ഉപജീവനത്തിന് വേണ്ടിയുള്ള ക്ഷീരോൽപ്പാദന പ്രവർത്തനങ്ങളിൽനിന്നും സാങ്കേതിക സഹായത്തോടെ വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോൽപ്പാദനത്തിലേക്ക് മാറി പാലുൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിച്ച് ക്ഷീരമേഖലയെ സ്വയംപര്യാപ്തമാക്കുക എന്നതാണ് വിവിധ പദ്ധതികളിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്. മിൽമയും മേഖലാ യൂണിയനുകളും പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വന്തം ഫണ്ട് ഉപയോഗിച്ചും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ധനസഹായത്തോടുകൂടിയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പാലിന്റെ ഉൽപ്പാദനം, ഗുണനിലവാരം, വിപണനം എന്നിവ വർദ്ധിപ്പിക്കുക, കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിറ്റഴിച്ച് കർഷകർക്ക് പരമാവധി വിലയും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുക, പാലിന്റെ സംസ്മരണശേഷി വർദ്ധിപ്പിക്കുക, ക്ഷീരോൽപ്പാദക മേഖലകളിൽ കർഷകരെ നിലനിർത്തുകയും സംസ്ഥാനം പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയും ചെയ്യുക എന്നിവയാണ് മിൽമ നടപ്പിലാക്കുന്ന പദ്ധതികൾ വഴി ലക്ഷ്യമിടുന്നത്.

(സി) വിവിധ പദ്ധതികൾ ആവിഷ്കരിച്ച്, ഭരണാനുമതിയും ഫണ്ടും നൽകി നടപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പ് എടുത്തിട്ടുണ്ട്.

പ്ലാസ്റ്റിക്കും ഇ-മാലിന്യവും ശേഖരണം

12 (*132) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക്കും ഇ-മാലിന്യവും ശേഖരിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?